LIBRARY ARCHIVES Kerala Legislative Assembly

വ്യാജ ജാതി സർട്ടിഫിക്കറ്റിലൂടെ ആനുകൂല്യങ്ങൾ സമ്പാദിച്ചവർ

155 [1963] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. പി. ടി. തോമസ്:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരെന്ന് വ്യാജ സർട്ടിഫിക്കറ്റ് നൽകി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യം സമ്പാദിച്ചത് സംബന്ധിച്ച എത്ര പരാതികൾ നിലവിലുണ്ട്;

(ബി) ഈ പരാതികൾ കിട്ടിയിട്ട് എത്ര കാലമായി;

(സി) ഇത്തരം പരാതികളിൻമേൽ തീരുമാനമെടുക്കുവാൻ കാലതാമസം വരുന്നതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 250-ൽപരം പരാതികൾ നിലവിലുണ്ട്.

(ബി) പല കാലഘട്ടങ്ങളിലായിട്ടാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(സി) 1996-ലെ ആക്ട് 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതു കൊണ്ടും കോടതിക്കേസുകൾമൂലവും തീരുമാനം എടുക്കാൻ താമസം വരുന്നുണ്ട്.

കേളകം പഞ്ചായത്തിലെ കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

156 [1964] ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ വയനാടു നിയോജകമണ്ഡലത്തിൽ കേളകം പഞ്ചായത്തിൽ പുക്കുണ്ട് കോളനിയിൽ പണിയ വിഭാഗത്തിനുവേണ്ടി 1998-ൽ എത്ര വീടുകളുടെ പണിയാരംഭിച്ചു;

(ബി) അവയുടെ പണി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അവയുടെ പണി ഉടനെ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) കേളകം പഞ്ചായത്തിൽ ചെട്ടിയാംപറമ്പ് കോളനിയുടെ പണി ആരംഭിച്ചത് എന്നാണ്;